**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3197** **01-03-2023 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്കൂളിലെ ഭിന്നശേഷി നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എയ്ഡഡ് സ്കൂളിലെ ഭിന്നശേഷിക്കാർക്കുള്ള അദ്ധ്യാപക നിയമനങ്ങളുമായി ബന്ധപ്പെട്ട് എന്നുമുതലുള്ള നിയമനങ്ങൾക്കാണ് കോടതി വിധി മൂലം തടസം വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തീയതിക്കുശേഷം നാളിതുവരെ നിയമനം നേടി അദ്ധ്യാപനം നടത്തിവരുന്നവരുടെ നിയമനം അംഗീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) | എയ്ഡഡ് സ്കൂളിലെ ഭിന്നശേഷിക്കാർക്കുള്ള അധ്യാപക നിയമനങ്ങളുമായി ബന്ധപ്പെട്ട് 18/11/2018 മുതൽ ഉണ്ടാകുന്ന ഒഴിവുകളിലാണ് 07/02/1996 മുതൽ 18/04/2017 വരെ 3% സംവരണവും, 19/04/2017 മുതൽ 4% സംവരണവും പാലിച്ച് ബാക്ക് ലോഗ് ഉൾപ്പെടെയുള്ള ഭിന്നശേഷി സംവരണ നിയമനം നടപ്പിലാക്കേണ്ടത്. കോടതി വിധി പ്രകാരം ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നടത്തി കഴിഞ്ഞ് മാത്രമേ റഗുലറായുള്ള മറ്റ് നിയമനങ്ങൾ അംഗീകരിക്കാവൂ എന്ന് ഉത്തരവായിട്ടുണ്ട്. 18.11.2018 ലെ സ ഉ (പി) നം 18/ 2018/ സ ാ.നീ.വ, 25.06.2022 ലെ സ ഉ (കൈ) നം 111/ 2022/ പൊ വി വ, 28.10.2022 ലെ ജെ3/ 49/ 2021/ പൊ വി വ നമ്പർ സർക്കാർ കത്ത്, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23.11.2022 ലെ എച്ച്2/ 295299/ 2021/ ഡിജിഇ നമ്പർ പരിപത്രം എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സംവരണം പാലിച്ച നിയമനം നടത്തിയാൽ മറ്റ നിയമനങ്ങൾ അംഗീകരിക്കാവുന്നതാണ് . ഭിന്നശേഷി സംവരണം സംബന്ധിച്ച വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ കോടതി നിർദേശങ്ങളുടെയും ബന്ധപ്പെട്ട മറ്റ് സർക്കാർ ഉത്തരവുകളുടെയും, അടിസ്ഥാനത്തിൽ പരിശോധിച്ച തുടർ നടപടികൾ കൈക്കൊള്ളുന്നതാണ് . |
| (ബി) | പ്രസ്തുത നിയമനങ്ങൾ എന്നത്തേക്ക് അംഗീകരിക്കുന്നതിന് സാധിക്കുമെന്ന് അറിയിക്കാമോ? | (ബി) | എയ്ഡഡ് സ്കൂളിലെ ഭിന്നശേഷിക്കാർക്കുള്ള അധ്യാപക നിയമനങ്ങളുമായി ബന്ധപ്പെട്ട് 18/11/2018 മുതൽ ഉണ്ടാകുന്ന ഒഴിവുകളിലാണ് 07/02/1996 മുതൽ 18/04/2017 വരെ 3% സംവരണവും, 19/04/2017 മുതൽ 4% സംവരണവും പാലിച്ച് ബാക്ക് ലോഗ് ഉൾപ്പെടെയുള്ള ഭിന്നശേഷി സംവരണ നിയമനം നടപ്പിലാക്കേണ്ടത്. കോടതി വിധി പ്രകാരം ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നടത്തി കഴിഞ്ഞ് മാത്രമേ റഗുലറായുള്ള മറ്റ് |

| | | | |
|---|---|---|---|
| | | | നിയമനങ്ങൾ അംഗീകരിക്കാവൂ എന്ന് ഉത്തരവായിട്ടുണ്ട്. 18.11.2018 ലെ സ ഉ (പി) നം 18/2018/സാ.നീ.വ, 25.06.2022 ലെ സ ഉ (കൈ) നം 111/2022/പൊ വി വ, 28.10.2022 ലെ ജെ3/49/2021/പൊ വി വ നമ്പർ സർക്കാർ കത്ത്, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23.11.2022 ലെ എച്ച്2/295299/2021/ഡിജിഇ നമ്പർ പരിപത്രം എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സംവരണം പാലിച്ചു നിയമനം നടത്തിയാൽ മറ്റു നിയമനങ്ങൾ അംഗീകരിക്കാവുന്നതാണ്. ഭിന്നശേഷി സംവരണം സംബന്ധിച്ച വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണയിലിരിക്കുന്ന വിഷയമായതിനാൽ കോടതി നിർദേശങ്ങളുടെയും ബന്ധപ്പെട്ട മറ്റ് സർക്കാർ ഉത്തരവുകളുടെയും, അടിസ്ഥാനത്തിൽ പരിശോധിച്ചു തുടർ നടപടികൾ കൈക്കൊള്ളുന്നതാണ് . |

സെക്ഷൻ ഓഫീസർ